മെയ് 2012 വാല്യം 5, ലക്കം 3

ശ്രീ രാം ചന്ദ്ര മിഷൻ®
India ECHOES
ONE WORLD ONE HUMANITY



## മാസ്റ്ററെക്കുറിച്ചുള്ള വിവരങ്ങൾ

ഫെബ്രുവരി 18 ശനിയാഴ്ച്ച, രാവിലെ പത്തരയ്ക്ക് മാസ്റ്റർ ഗായത്രിയിൽ നിന്ന് ആശ്രമത്തിൽ എത്തിച്ചേർന്നു. സത്സംഗം അപ്പോൾ കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. മാസ്റ്ററെ സ്വീകരിക്കുവാൻ അഭ്യാസികളെല്ലാം ആശ്രമത്തിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു.



വിവരസാങ്കേതികവിദ്യയെക്കുറിച്ചുള്ള ഒരു ശിൽപശാലയുടെ തത്സമയസംപ്രേഷണം തൻെറ ഓഫിസ്സിലിരുന്ന് മാസ്റ്റർവീക്ഷിച്ചു. സഹോദരന്മാരായ കമലേഷ്പട്ടേലിൻെറയും കൃഷ്ണയുടെയും പ്രഭാഷണങ്ങൾ അദ്ദേഹം കേട്ടു. എല്ലാ പ്രസംഗങ്ങളും അദ്ദേഹം വളരെ ശ്രദ്ധയോടെ വീക്ഷിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. അടുത്തദിവസം ചില ഡിവിഡികളുടെ പ്രകാശനം നിർവഹിക്കേണ്ടതുണ്ടെന്ന് അത്താഴത്തിനു ശേഷം ആരോ മാസ്റ്ററെ അറിയിച്ചു. അതിനുമറുപടിയായി അദ്ദേഹം ഇങ്ങനെപറഞ്ഞു: "ഓഡിയോവീഡിയോ പ്രകാശനം ദയവായിമറ്റാരെയെങ്കിലുംകൊണ്ട് ചെയ്യിക്കുക. ഇനിമുതൽ ഞാൻ വരുന്നത് സംപ്രേഷണം നൽകുന്നതിന് മാത്രമായിരിക്കും. ഞാൻ ഒരിടത്ത്നിന്ന് മറ്റൊരിടത്തേക്ക് സന്ദേശം കൈമാറാനായി ഉപയോഗിക്കുന്ന ടെലിഗ്രാഫ് പോസ്റ്റ് പോലെയാണ്". ഫെബ്രുവരി 19, ഞായറാഴ്ച്ച, കാലത്ത് മാസ്റ്റർ സത്സംഗം നടത്തി. അതിനുശേഷം പബ്ലിക്കേഷൻ ടീം ഓഡിയോവീഡിയോപ്രകാശനം നടത്തി.

## നോർത്തമേരിക്കൻ സെമിനാർ

ഫെബ്രുവരി 20, തിങ്കളാഴ്ച്ച, നോർത്തമേരിക്കൻ സെമിനാർ ആരംഭിച്ചു. നല്ല സുഖമില്ലാതിരുന്നിട്ടുകൂടി മാസ്റ്റർ പ്രഭാതസത്സംഗം നടത്തി. വൈകുന്നേരം യുഎസ്സ്എയിൽ നിന്നുള്ള പുതിയ അഭ്യാസികളുടെ ഒരു സംഘം ഹാളിൽ ഒത്തു ചേർന്നു. അവരെ കാണാൻ സാധിച്ചതിൽ വളരെയധികം സന്തോഷം പ്രകടിപ്പിച്ച മാസ്റ്റർ എല്ലാവരുടെയും ഹൃദയത്തിൽതൊടുന്ന ഒരു പ്രഭാഷണം നടത്തി. അമേരിക്കൻ സെമിനാർ നടന്ന ആഴ്ച്ചയിലെ എല്ലാ ദിവസവും രാവിലെ മൂന്ന് പ്രിഫെക്റ്റുമാരെ തയ്യാറാക്കുന്ന തിരക്കിലായിരുന്നു മാസ്റ്റർ. ഏറെ ക്ഷീണമുണ്ടാക്കുന്ന ഒരു പ്രവൃത്തിയായിരുന്നു ഇത്. അനാരോഗ്യവും ക്ഷീണവും അലട്ടിയിരുന്നെങ്കിലും അദ്ദേഹം അഭംഗുരം ജോലി ചെയ്തു കൊണ്ടിരുന്നു.

ഫെബ്രുവരി 21, ചൊവ്വാഴ്ച്ച, ധ്യാനമന്ദിരത്തിൽ നടന്ന എജിഎം മീറ്റിങ്ങിൽ മാസ്റ്റർ പങ്കെടുക്കുകയും "നിങ്ങളുടെ ഹൃദയം പൂർണമായും നൽകുക" എന്ന പേരിൽ ശക്തമായ ഭാഷയിലുള്ള ഒരു പ്രഭാഷണം നടത്തുകയും ചെയ്തു. ആ പ്രഭാഷണത്തിൽനിന്നുള്ള ചില ശകലങ്ങൾ:

♦സഹജമാർഗ്ഗത്തിൽ നാം അളക്കപ്പെടുന്നത് നമ്മുടെ പരിശ്രമത്തെ അടിസ്ഥാനപ്പെടുത്തിയാണ് അല്ലാതെ നമുക്ക് എന്തെല്ലാം നേടാൻ സാധിച്ചു എന്നതിലൂടെയല്ല.

♦സ്നേഹം പകരുന്നതിന് യാതൊരു വിലയും നൽകേണ്ടതില്ല. എന്നാൽ നാം പിന്തിരിഞ്ഞു നിൽക്കുന്നത് ഈ ഒരു കാര്യത്തിനോടാണ്.

♦സുഖലോലുപതയ്ക്കായൊന്നും തന്നെ ദൈവം നമുക്ക് തന്നിട്ടില്ല. പഞ്ചേന്ദ്രിയങ്ങളിലൊന്നും തന്നെ സുഖത്തിനായുപയോഗിക്കരുത്. ജീവിതത്തെ മുന്നോട്ട് നയിക്കാൻ സഹായിക്കുന്ന വഴികാട്ടികളാണ് പഞ്ചേന്ദ്രിയങ്ങൾ.

♦നിങ്ങളുടെ ഹൃദയം തകരാതിരിക്കാൻ ആത്മീയത നിങ്ങളെ സഹായിക്കുന്നു.

ഫെബ്രുവരി 22 ബുധനാഴ്ച്ച, സഹോദരി കസ്തൂരി മരിച്ചവിവരം മാസ്റ്റർക്ക് ലഭിച്ചു. ഹൈദരാബാദ് ആശ്രമത്തിൽ നിന്ന് താഴെ വീണ് ചെറുപ്പക്കാരനായ ഒരു അഭ്യാസി മരണപ്പെട്ട വിവരവും അറിഞ്ഞ മാസ്റ്റർ വളരെ ദുഃഖിതനായിരുന്നു.

സെമിനാർ നടന്ന ആഴ്ച്ചയിലെ ഒരു ദിവസം കിടക്കാൻ പോകുന്നതിന് തൊട്ടുമുമ്പേ തനിക്ക് ശരിക്ക് ഉറക്കം ലഭിക്കില്ലെന്ന് സൂചിപ്പിച്ച് കൊണ്ട് മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "എനിക്കിന്ന് 'ശിവരാത്രി'യായിരിക്കുമെന്ന് തോന്നുന്നു". മാസ്റ്റർ രാത്രി തീരെ ഉറങ്ങിയിട്ടില്ലെന്ന് അടുത്തദിവസം അദ്ദേഹത്തിൻെറ ഡോക്ടർ പറഞ്ഞു. മാസ്റ്ററെ കാണാൻ എന്നത്തെയും പോലെ അഭ്യാസികളുടെ ഒരു പ്രവാഹം തന്നെയുണ്ടായിരുന്നു. സാധിക്കുന്നത്രയും അഭ്യാസികളെ കാണാൻ മാസ്റ്റർ തൻെറ കഴിവിൻെറ പരമാവധി ശ്രമിക്കുന്നുണ്ടായിരുന്നു.

മാർച്ച് ഒന്ന്, വ്യാഴാഴ്ച്ച, പ്രാതൽ കഴിച്ചതിനു ശേഷം ആർതർ കെസ്റ്റ്ലറിൻെറ ഏതാനും പുസ്തകങ്ങളെപ്പറ്റി മാസ്റ്റർ പരാമർശിക്കുകയും അവ അഭ്യാസികൾക്ക് ശുപാർശ ചെയ്യുകയും ചെയ്തു. എന്നിട്ടിങ്ങനെ പറഞ്ഞു:

♦നിങ്ങൾക്ക് പരിശീലനം ലഭിച്ച രീതിയിൽ നിങ്ങൾ കാര്യങ്ങളെ



കാണുന്നു. ചിന്തകളിൽ നിന്നുയരാൻ നിങ്ങൾ വസ്തുതകളെക്കുറിച്ചറിയേണ്ടതുണ്ട് - ശാസ്ത്രം, കല എന്നിങ്ങനെ പലതും. നിങ്ങൾക്കിവയെല്ലാം അറിഞ്ഞിരിക്കേണ്ട ആവശ്യമില്ല എന്നാൽ ഇവയുടെ യഥാർത്ഥ സ്ഥാനം അറിയേണ്ടതുണ്ട്.

♦ദുരന്തങ്ങൾ മനുഷ്യരിലെ മികച്ചത് പുറത്തുകൊണ്ടുവരുന്നു കാരണം കഷ്ടാവസ്ഥകൾ അങ്ങിനെയാണ്. ഉല്ലാസകാലങ്ങളാവട്ടെ മനുഷ്യരിലെ ഏറ്റവും മോശമായവ പുറത്തുകൊണ്ടുവരുന്നു.

♦ഒന്നും തന്നെ അതിൽ നല്ലതൊന്നുമില്ലാത്തവിധം മോശമല്ല, അതുപോലെ മറിച്ചും. ഒന്നുണ്ടെങ്കിൽ മറ്റതവിടെ ഉണ്ടായേതീരൂ.

മാർച്ച് 3 ശനിയാഴ്ച മാസ്റ്റർ അമേരിക്കയിലെ ബോസ്റ്റണിൽ നിന്നുള്ളൊരു ചെറുപ്പക്കാരനെ പ്രിഫെക്ടാക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. അദ്ദേഹത്തോട് മാസ്റ്റർ ഇങ്ങനെ പറഞ്ഞു, “നിങ്ങളെയൊരു പ്രിഫെക്ടാക്കുന്നതിനു മുൻപ് ഒരു കാര്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങളുടെ ആവേശത്തിൽ നിങ്ങൾ വകതിരിവില്ലാതെ എല്ലാവരേയും സഹജമാർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ തുനിയരുത്. ഉദാഹരണത്തിന് മയക്കുമരുന്നിനടിമയായ ഒരാളെകണ്ടിട്ട്, കുറച്ച് സിറ്റിംഗുകൾ നൽകി ഇയാളെ സഹായിക്കാമെന്ന് നിങ്ങൾ ചിന്തിക്കരുത്. നിങ്ങൾക്ക് അനുകമ്പയുണ്ടാവേണ്ട ആവശ്യമില്ല, അദ്ദേഹത്തിനാണ് (ബാബുജി മഹാരാജിന്റെ ചിത്രത്തിലേക്ക് ചൂണ്ടികൊണ്ട്) അനുകമ്പയുണ്ടാകേണ്ടത്“.

## ഇറാനിയൻ സെമിനാർ

മാർച്ച് 5, തിങ്കളാഴ്ച ഇറാനിയൻ സെമിനാർ ആരംഭിച്ചു. മാർച്ച് 6-നു മാസ്റ്റർ ഡോർമിറ്ററി ‘എ്’-യിൽ സത്സംഗം നടത്തി. സിറ്റിംഗിന് ശേഷം മാസ്റ്റർ നല്ല സുഖമില്ലാത്തത് കാരണം താനൊരു പ്രഭാഷണത്തിനില്ല എന്നു പറഞ്ഞു. തുടർന്ന് ചില ഇറാനിയൻ അഭ്യാസികൾ അദ്ദേഹത്തിന് ഉപഹാരങ്ങൾ നൽകുവാൻ തുടങ്ങിയത്, അദ്ദേഹത്തെ വളരെയധികം സ്പർശിച്ചതായി തോന്നി. തന്റെ പരിപാടി മാറ്റി അദ്ദേഹം സംസാരിക്കുവാൻ തുടങ്ങുമെന്ന് ഏവർക്കും ഉടനെ തന്നെ അനുഭവപ്പെട്ടു. പലരുടെയും കണ്ണുകൾ ഈറനണിഞ്ഞു. മാസ്റ്ററുടെ ശബ്ദം പോലും വളരേയധികം മൃദുവായിരുന്നു. വളരെ പ്രത്യേകതയേറിയതെന്തോ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, “നല്ല സുഖമില്ലാത്തത് കാരണം എനിക്ക് സംസാരിക്കുവാൻ ഉദ്ദേശ്യമുണ്ടായിരുന്നില്ല, എന്നാൽ നിങ്ങളുടെ തീവ്രസ്നേഹം എന്നെക്കൊണ്ട് സംസാരിപ്പിച്ചു”. അവിടെയുണ്ടായിരുന്ന മിക്കവാറും എല്ലാവരും തന്നെ കരയുന്നുണ്ടായിരുന്നു. “ഇങ്ങനെ ആരെങ്കിലും കരയുകയാണെങ്കിൽ അതവരുടെ ഹൃദയം മൃദുവാകുന്നതിനാലാണ്. അപ്പോൾ ആരെങ്കിലും പോയി ആശ്വസിപ്പിക്കുകയോ ഇങ്ങനെ കരയരുതെന്ന് പറയുകയോ ചെയ്യുന്നത് ഉചിതമല്ല” എന്ന് മാസ്റ്റർ അഭിപ്രായപ്പെട്ടു. സമ്പൂർണ്ണമായ സഹജമാർഗ്ഗ സാധനയുടെ പരിണിത ഫലം ഹൃദയത്തിന്റെ ഇപ്രകാരമുള്ള മൃദുവാകുന്നതിലാകണമെന്ന് അദ്ദേഹം പറഞ്ഞു. ആദ്യവർഷങ്ങളിൽ അത് കണ്ണുനീരുളവാക്കും, പക്ഷെ അത് കണ്ണുനീരുളവാക്കാതെ പിന്നേയും തുടരണം; ഹൃദയത്തിന്റെ ഇപ്രകാരമുള്ള മൃദുവാകൽ ഒരിക്കലും അവസാനിക്കരുത്. ഈ യോഗത്തിന് ശേഷം മാസ്റ്റർ ഗായത്രിയിലേക്ക് പോയി. മാർച്ച് 9, വെള്ളിയാഴ്ച മാസ്റ്റർ ഇറാനിയൻ അഭ്യാസികളെ ഗായത്രിയിലേക്ക് അത്താഴത്തിന് ക്ഷണിച്ചു.

മാർച്ച് 10, ശനിയാഴ്ച മാസ്റ്റർ രാവിലെ ഏകദേശം 8:45-നു ആശ്രമത്തിലെത്തി. “എ” ഡോർമിറ്ററിയിലെ സത്സംഗത്തിന ശേഷം മാസ്റ്റർ പറഞ്ഞു,

“യഥാർത്ഥത്തിൽ ഞാൻ സംസാരിക്കുവാൻ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളൂ എന്നാൽ ഇവിടെയുള്ള ഈ ഇറാനിയൻ വനിത ധ്യാനമാരംഭിക്കുവാൻ ആഗ്രഹിച്ചിരുന്നു, അതിനാൽ ഞാൻ നിങ്ങൾക്കെല്ലാവർക്കും സിറ്റിംഗ് നൽകി. നോക്കൂ നമ്മുടെ പദ്ധതികൾ പിന്നീട് എങ്ങിനെ മാറുന്നുവെന്ന്. അതിനാൽ നാം പാശ്ചാത്യരെപ്പോലെ അധികം പദ്ധതികളൊന്നുമിടരുത്, ഒഴുക്കിനൊത്ത് പോകുവാൻ എപ്പോഴും തയ്യാറായിരിക്കണം”. തന്റെ ദിശയിൽ മാർഗ്ഗമുണ്ടാക്കി ഒഴുകി പോകുന്ന നദിയെക്കുറിച്ച് പിന്നീടദ്ദേഹം സംസാരിച്ചു. നമ്മുടെ ജീവിതം അപ്രകാരമായിരിക്കണം. സ്നേഹം, വിശ്വാസം എന്നിങ്ങനെയുള്ള ഉത്തമ ആദർശങ്ങളുമായി നാം മുകളിൽ നിന്നും തന്നെ തുടങ്ങണം, പിന്നീടതിനെ താഴത്തെ നിലകളിലേക്കൊഴുകുവാൻ അനുവദിക്കണം, ഈ ആദർശങ്ങളിലൊന്നിലും തന്നെ വിട്ടുവീഴ്ചകൾ ചെയ്യാതെ തന്നെ.

അന്ന് വൈകുന്നേരം മാസ്റ്റർ കേരളത്തിലെ സോണൽ ആശ്രമത്തിന്റെ ഒരു വീഡിയോ കണ്ടു. അതു ഉദ്ഘാടനം ചെയ്യപ്പെട്ടതായും അഭ്യാസികൾക്ക് അപ്പോൾ മുതൽക്കത് ഉപയോഗിച്ച് തുടങ്ങാമെന്നും അദ്ദേഹം പറഞ്ഞു.

## മുക്തിയെക്കുറിച്ച്

മാർച്ച് 11, ഞായറാഴ്ച, സത്സംഗത്തിനുശേഷം തന്റെ കിടപ്പുമുറിയിൽ വെച്ച് നടന്ന സംഭാഷണത്തിനിടയിൽ, ഓരോ അനുഭവവും കുട്ടികൾക്കെങ്ങനെ നവ്യവും വിസ്മയം നിറഞ്ഞതും ആകുന്നതെന്ന് മാസ്റ്റർ പറഞ്ഞു. “കുറേ വർഷങ്ങൾ പാഴാക്കിയ ശേഷം, ഞാൻ ഞാനായിത്തന്നെയായിരിക്കുവാൻ പഠിച്ചു കൊണ്ടിരിക്കുകയാണ്” എന്നിട്ടിങ്ങനെ കൂട്ടിച്ചേർത്തു, “ഞാൻ കളി പറയുകയല്ല. സ്വയമായിത്തീരുവാൻ ആത്മീയത എന്നെ പഠിപ്പിച്ചു. ഞാൻ ഞാനായിത്തന്നെയിരുന്നില്ലെങ്കിൽ എനിക്ക് പുരോഗമിക്കാനാവില്ല.” പിന്നീട് വിഷയം മുക്തിയിലേക്ക് വ്യതിചലിക്കുകയും, എങ്ങനെയാണ് താൻ അഭ്യാസികളിൽനിന്നും, മിഷനിൽനിന്നും, പിൻഗാമിയിൽനിന്നും സ്വയം മുക്തനായതെന്ന് വിശദീകരിക്കുകയും ചെയ്തു. അദ്ദേഹം ഇങ്ങനെ പറഞ്ഞു, “എനിക്കാണ് എന്റെ അഭ്യാസികളുടെ ഉത്തരവാദിത്വമെന്ന് ഞാൻ വിചാരിച്ചിരുന്നു. അതുകൊണ്ടാണ് ആലങ്കാരികമായി പറഞ്ഞാൽ ഞാൻ അഭ്യാസികൾക്ക് വേണ്ടി ‘സ്വയംഹത്യ’ നടത്തിയിരുന്നത്. എന്റെ പ്രവൃത്തിയിലൂടെ എനിക്കെന്തായിത്തീരാനായി എന്നും അല്ലാതെ എനിക്കെന്ത് സൃഷ്ടിക്കാനായി എന്നതല്ലെന്നും എന്റെ ഗുരുവിന് കാണിച്ചുകൊടുക്കേണ്ടതാണ് എന്റെ ഉത്തരവാദിത്വമെന്ന് ഒരു ഘട്ടമെത്തിയപ്പോൾ എനിക്ക് തോന്നി. ഇതെന്നെ എന്റെ അഭ്യാസികളിൽനിന്നും മോചനം നേടാൻ സഹായിച്ചു. പിന്നീടെന്നെ അലട്ടിയ പ്രശ്നം എന്റെ പിൻഗാമിയെക്കുറിച്ചുള്ള ചിന്തകളാണ്. നിങ്ങൾക്കറിയാമല്ലോ, എന്റെ കാലശേഷം എന്തു സംഭവിക്കും? എന്നതിനെക്കുറിച്ചോർത്ത് ഞാൻ വിഷമിക്കാറുണ്ടായിരുന്നു. ഒരു ദിവസം, ഞാൻ എന്നോട് തന്നെ പറഞ്ഞു, ഞാൻ ചെയ്യാനുള്ളതെല്ലാം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഞാനെല്ലാം എന്റെ പിൻഗാമിയ്ക്ക് കൈമാറിക്കഴിഞ്ഞു, അദ്ദേഹമിനി കാര്യങ്ങൾ ഏറ്റെടുക്കട്ടെ, അതിനി അദ്ദേഹത്തിന്റെ പ്രശ്നമാണ്, ഞാനതിൽ നിന്നെല്ലാം മുക്തനായിരിക്കുന്നു”.

മർച്ച് 17, ശനിയാഴ്ച, പ്രാതലിനുശേഷം മാസ്റ്റർ ചിറ്റൂരിൽനിന്നും വന്ന അഞ്ഞൂറോളം അഭ്യാസികളെക്കാണാൻ ഡോം എ യിലേക്ക് പോയി. മാർച്ച് 18, ഞായറാഴ്ച, മാസ്റ്റർ സത്സംഗം നടത്തുകയും അതിനുശേഷം വില്ലുപുരത്ത്നിന്നും വന്ന അഭ്യാസികളെ കാണുകയും ചെയ്തു. ഒരു ഭാഗം ആശ്രമത്തിനും ബാക്കിയുള്ളത് അഭ്യാസികൾക്കായുള്ള കോളനിക്കുമായി തിരിക്കാവുന്ന ഏഴ് ഏക്കർ ഭൂമി വാങ്ങാനുള്ള പദ്ധതിയുമായാണ് അവർ വന്നത്. മാസ്റ്റർ ‘സ്റ്റാർ വാർസ്’ എന്ന സിനിമ കാണുകയും അതിലെ യോഡ എന്ന കഥാപാത്രം നടത്തിയ ഈ സംഭാഷണം ഇഷ്ടപ്പെട്ടു എന്ന് പറയുകയും ചെയ്തു, “ഭയം ഇരുണ്ട ഇടങ്ങളിലേക്ക് നയിക്കുന്നു, കാരണം ഭയം കോപത്തിലേക്കും, കോപം വെറുപ്പിലേക്കും, വെറുപ്പ് കഷ്ടപ്പാടുകളിലേക്കും, പിന്നീടവ ഇരുളിലേക്കും നയിക്കുന്നു”. ഗുജറാത്തിൽ നിന്നും വന്ന കുറച്ചഭ്യാസികൾ വൈകുന്നേരം കോട്ടേജിൽ സന്നിഹിതരായിരുന്നു. തന്റെ ശ്വസന വ്യായാമം ഉപേക്ഷിച്ച് മാസ്റ്റർ അവർക്ക് സിറ്റിംഗ് നൽകുവാനായി വന്നു. ക്ഷമയോടെ എല്ലാവരേയും കണ്ട അദ്ദേഹം അവരുടെ അപേക്ഷകൾ സ്വീകരിച്ചു.

മാർച്ച് ഇരുപത്തൊന്നാം തിയ്യതി മാവിൻതോട്ടത്തിലെ ഒരു

# എക്കോസ് ഇന്ത്യ വാർത്താപത്രിക

മാവിൻതൈ വേറൊരു വശത്തേയ്ക്ക് മാറ്റി കുഴിച്ചിടാനുള്ള ഏർപ്പാടുകൾ മാസ്റ്റർ ചെയ്തു. എന്നാൽ മാവിൻ തൈയ്ക്ക് കേടുപാടുകളൊന്നും വരാതിരിക്കാൻ അദ്ദേഹം അതീവ ശ്രദ്ധ പുലർത്തി.

ഒമേഗ സ്കൂളിൽ നിന്നും ഈ വർഷം പന്ത്രണ്ടാം തരം കഴിഞ്ഞിറങ്ങുന്ന നൂറോളം വിദ്യാർത്ഥികളുമായി സംവദിക്കാനും ലഘുഭക്ഷണം കഴിക്കാനും ഗ്രൂപ്പ് ഫോട്ടോയ്ക്ക് പോസ് ചെയ്യാനും മാർച്ച് ഇരുപത്തഞ്ചാം തിയ്യതി അദ്ദേഹം സമയം കണ്ടെത്തി. അടുത്ത ദിവസം ഗായത്രിയിലെയ്ക്ക് പോയ അദ്ദേഹം ഒരാഴ്ച അവിടെ





തങ്ങിയ ശേഷം ശനിയാഴ്ചയാണ് തിരിച്ചെത്തിയത്.

## ഓരോ സത്സംഗവും വ്യക്തിഗത ധ്യാനം പോലെയാവണം



ഏപ്രിൽ ഒന്നാം തിയ്യതി ഞായറാഴ്ച മാസ്റ്റർ വളരെ ഗഹനമായ സത്സംഗം നടത്തി. ധ്യാനമന്ദിരത്തിൽ നിന്നുമിറങ്ങി തൻെറ വണ്ടിയിലിരുന്ന ശേഷം നീളമുള്ള കേബിളുള്ള മൈക്കിനാവശ്യപ്പെടുകയും അതുപയോഗിച്ച് ഒരു ചെറിയ പ്രഭാഷണം നടത്തുകയും ചെയ്തു. "ഗ്രൂപ്പ് സിറ്റിംഗ് കൊടുക്കുന്നതിലെ കല" എന്ന പ്രഭാഷണത്തിൽ സത്സംഗങ്ങൾ ഒരോ അഭ്യാസിയ്ക്കും വ്യക്തിഗത സിറ്റിംഗു പോലെ അനുഭവേദ്യമാക്കാൻ പ്രിസപ്റ്റർമാർ പരിശീലിക്കണമെന്നു അദ്ദേഹം പറഞ്ഞു. സഹോ. കമലേഷ് പട്ടേൽ ഇതു സ്വായത്തമാക്കണമെന്നും ആയതിനാൽ ഇനിമുതൽ അദ്ദേഹമായിരിയ്ക്കും ഞായറാഴ്ചകളിൽ സത്സംഗം നടത്തുക എന്നും അദ്ദേഹം പറഞ്ഞു. "തീർച്ചയായും ഞാനിവിടെയുണ്ട്. ചില സിറ്റിംഗുകൾ ഞാനും നൽകും. പക്ഷെ അത് ഞായറാഴ്ചകളിൽ തന്നെയാകണമെന്നില്ല പകരം മറ്റു ദിവസങ്ങളിലും ആവാം. അതുകൊണ്ട് തയ്യാറായിരിക്കുക!" തമിഴിലും ഇതാവർത്തിച്ച ശേഷം അദ്ദേഹം മടങ്ങി.

ഒരു വ്യക്തിയുടെ ആന്തരിക ഭംഗി ധ്യാനത്തിലൂടെ എങ്ങിനെ വെളിപ്പെടുന്നു എന്ന് ഒരു സഹോദരി ഒരു വേളയിൽ മാസ്റ്ററോട് ആരായുകയുണ്ടായി. ഇതു ധ്യാനിയ്ക്കുന്ന ആളിൻെറ സൗന്ദര്യമല്ലെന്നും ധ്യാനിയ്ക്കുന്ന ആളിൻെറ ഉള്ളിലെ ദിവ്യത്വം പുറത്തു വന്നു തിളങ്ങുന്നതാണെന്നും മാസ്റ്റർ വിശദീകരിച്ചു. ഒരൊറ്റ സിറ്റിംഗ് കഴിഞ്ഞ ഉടനെ തന്നെ ഒരു വ്യക്തിയിൽ അത്തരത്തിലുള്ള മാറ്റം അദ്ദേഹം ശ്രദ്ധിച്ച അനുഭവവും അപ്പോൾ അനുസ്മരിച്ചു.

## സ്മരണ മാസ്റ്ററെ ആകർഷിയ്ക്കുന്നു

കാൺപൂരിൽ നിന്നും വന്ന അറുന്നൂറ്റമ്പതോളം അഭ്യാസികൾക്കായി ഏപ്രിൽ രണ്ടു മുതൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന സെമിനാർ ആരംഭിച്ചു. 'ഡോർമിറ്ററി എ'യിൽ മാസ്റ്റർ സത്സംഗ് നൽകി. ഏതാനും ഇറാനിയൻ അഭ്യാസികൾ അവിടെ വച്ചു അദ്ദേഹത്തെ കണ്ടു. "ഞങ്ങൾ മടങ്ങിപ്പോകുമ്പോഴും മാസ്റ്ററുടെ ശ്രദ്ധ ഞങ്ങളിൽ തന്നെ നിലനിർത്തുന്നതെങ്ങിനെ?" എന്നു ഒരു അഭ്യാസിയുടേ ചോദ്യത്തിനു മാസ്റ്റർ ഇങ്ങിനെ മറുപടി പറഞ്ഞു: എങ്ങിനെയാണോ ഭംഗിയും സുഗന്ധവും കൊണ്ട് റോസാപ്പൂ ആകർഷിക്കുന്നത്, സ്നേഹത്തിലൂടെ കുഞ്ഞ് അതിൻെറ അമ്മയെ ആകർഷിക്കുന്നത്, അതു പോലെ, ഒരഭ്യാസി തൻെറ ആന്തരിക അവസ്ഥയിലൂടെയാണ് മാസ്റ്ററെ ആകർഷിക്കുന്നത്. "മാസ്റ്ററെ കൂടെ നിർത്തുന്ന രീതിയിലാവണം നമ്മുടെ ആത്മീയാവസ്ഥ. ധ്യാനം കൃത്യമായി അനുഷ്ടിക്കുകയും നിരന്തരസ്മരണ ശീലിയ്ക്കുകയുമാണ് ഇതിനുള്ള എളുപ്പവഴി. ധ്യാനത്തേക്കാൾ ഉന്നതമായ ഒന്നാണ് സ്മരണ എന്നു മനസിലാക്കി വേണം പരിശീലിയ്ക്കാൻ". "നിരന്തരസ്മരണയുടെ അടുത്ത പടിയെന്താണ്?" എന്നായിരുന്നു ഒരഭ്യാസിയുടെ അടുത്ത ചോദ്യം. താങ്കൾ ആ നിലയിൽ എത്തുമ്പോൾ ഞാനതു പറയാം എന്നാണ് മാസ്റ്റർ മറുപടി നൽകിയത്.

മറ്റൊരവസരത്തിൽ ഒരഭ്യാസി സഹോദരി, തൻെറ ജോലി വാദ്യോപകരണസംഗീതമാണെന്നും ഹൃദയം മാസ്റ്റർ എടുത്തതായി തോന്നുന്നതിനാൽ അവർക്ക് ആ വാദ്യോപകരണം ഉപയോഗിക്കുന്നതിൽ മനസുവെക്കാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ അവർ ജോലി മാറിയാലോ എന്നതിനെക്കുറിച്ച് മാസ്റ്ററോട് അഭിപ്രായം ആരായുകയും ചെയ്തു. "അതിൻെറ ആവശ്യമില്ല. പകരം മാസ്റ്റർ ഹൃദയത്തിലിരുന്ന് പുല്ലാങ്കുഴൽ വായിക്കുന്നുണ്ടെന്നു വിചാരിച്ചു കൊണ്ട് ആ വാദ്യോപകരണം വായിച്ചാൽ മതി" എന്ന മറുപടിയാണ് മാസ്റ്റർ നൽകിയത്.


ഏപ്രിൽ ആറാം തിയ്യതി സഹോ: കൃഷ്ണയുടെ പ്രഭാഷണം കോട്ടേജിലിരുന്ന് മാസ്റ്റർ CCTV യിൽ കേട്ടു. പ്രസംഗത്തിനു ശേഷം മാസ്റ്റർ ഡോർമിറ്ററിയിലെത്തി സിറ്റിംഗ് കൊടുക്കാൻ തീരുമാനിച്ചു. തൻെറ ജോലി അവസാനിച്ചിട്ടില്ലെന്നും അടുത്തദിവസം ഒരു സിറ്റിംഗ് കൂടെ കൊടുക്കാനുണ്ടെന്നും സിറ്റിംഗിനു ശേഷം മാസ്റ്റർ പറഞ്ഞു. മാർച്ച് ഏഴിനു ഹിന്ദിയിൽ ഒരു പ്രഭാഷണം നടത്തിയ ശേഷം മാസ്റ്റർ ഒരു സിറ്റിംഗ് നൽകി. പ്രഭാഷണച്ചുരുക്കം ഇപ്രകാരമായിരുന്നു: കാൺപൂരിൽ പോയിരുന്നെങ്കിൽ ഒന്നോ രണ്ടോ ദിവസം മാത്രമെ അഭ്യാസികളെകാണാൻ സാധിക്കുമായിരുന്നുള്ളൂ. പക്ഷെ ഇവിടെയെത്തിയതു കൊണ്ട് ഒരാഴ്ച മുഴുവനും അവരെ കാണാൻ സാധിച്ചു. ആദ്യാവസാനമുള്ള സിറ്റിംഗുകളിലെ വ്യത്യസ്താനുഭവങ്ങളും തികഞ്ഞ ആന്തരിക പരിവർത്തനവും കൊണ്ട് മിക്ക അഭ്യാസികൾക്കും ആ ആഴ്ചയിലെ അനുഭവങ്ങൾ അവിസ്മരണീയമായി.



## മാസ്റ്ററോടുള്ള സംവേദനക്ഷമത വളർത്തൽ

ഈ ദിവസങ്ങളിൽ, ഭൗതികമായ അഭാവത്തിലും തൻെറ ആത്മീയ സാന്നിധ്യം അഭ്യാസികളിൽ ഉളവാക്കാനുള്ള മാസ്റ്ററുടെ ഉത്കണ്ഠ വളരെ പ്രകടമായിരുന്നു. ഇതിനോടൊപ്പം തന്നെ അഭ്യാസികളുടെ ഓരോരുത്തരുടെയും ആഗ്രഹമനുസരിച്ചു തൻെറ ആരോഗ്യം അനുവദിക്കുന്നതുപോലെ അഭ്യാസികളെ വ്യക്തിപരമായും കാണാൻ മാസ്റ്റർ ശ്രമിക്കുന്നുണ്ട്. നിയമിതരായ സ്വയംസേവകർ, അഭ്യാസികളുടെ വ്യക്തിപരമായതും കൂട്ടത്തോടെയുള്ളതുമായ ആഗ്രഹങ്ങൾ മാസ്റ്ററെ അറിയിക്കാനും, അഭ്യാസികളും മാസ്റ്ററുമായുള്ള കൂടിക്കാഴ്ചകൾ സജ്ജീകരിക്കാനും വളരെ നന്നായി ശ്രമിക്കുന്നുണ്ട്. എപ്പോഴാണോ ശരിയായ ആവശ്യമുള്ളത്, അവിടെ ആ കൂടിക്കാഴ്ചകൾ നടക്കുന്നു. മറ്റെല്ലാ അവസരങ്ങളിലും അഭ്യാസികൾ, തൻെറ ആരോഗ്യത്തിനുമേലെയും മനസിനുമേലെയും ഭാരം ചെലുത്താൻ മാസ്റ്റർ ആഗ്രഹിക്കുന്നില്ല. നമുക്ക് അദ്ദേഹത്തിനോടുള്ള സ്നേഹം, നമ്മുടെ സ്നേഹവസ്തുവായ അദ്ദേഹത്തിനുതന്നെ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലാകരുത്.

ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച മാസ്റ്ററുടെ പ്രഖ്യാപനത്തിനു ശേഷം, ആദ്യമായി ബ്ര: കമലേഷ് പട്ടേൽ ഞായറാഴ്ച സത്സംഗം നടത്തി. അന്നേദിവസം വൈകുന്നേരം മാസ്റ്റർ അവിടെ സന്നിഹിതരായിരുന്ന അഭ്യാസികളുമായി സജീവമായ ചർച്ചകൾ നടത്തുകയും അതിനുശേഷം സത്സംഗം നൽകുകയും ചെയ്തു. ആ കൂട്ടത്തിൽ അഭ്യാസികളാകാൻ താൽപര്യമുണ്ടായിരുന്ന 17-18 പ്രായത്തിലുള്ള 5-6 ചെറുപ്പക്കാരുമുണ്ടായിരുന്നു. അവർ മാസ്റ്ററോടു ധ്യാനം തുടങ്ങാനുള്ള അനുവാദം ചോദിച്ചപ്പോൾ മാസ്റ്റർ അവരേയും സിറ്റിങ്ങിൽ ഉൾപ്പെടുത്തി.



# പൂജ്യ ബാബുജി മഹരാജിൻെറ ജന്മവാർഷികാഘോഷം

പൂജ്യ ബാബുജി മഹരാജിൻെറ ജന്മവാർഷികം രാജ്യത്തുടനീളം വിവിധ സെൻററുകളിൽ ഭക്തിയോടും ഉത്സാഹത്തോടും സന്തോഷത്തോടും കൊണ്ടാടി. മാസ്റ്ററുടെ നിർദ്ദേശാനുസരണം എല്ലാ സെൻററുകളിലും ആശ്രമങ്ങളിലും ആഘോഷങ്ങൾ നടത്തി. മംഗളകരമായ ഈ അവസരത്തിൽ അഭ്യാസികൾ പ്രതീക്ഷയോടെയും ആകാംക്ഷയോടെയുമാണ് എത്തിച്ചേർന്നത്. വിവിധ പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടിരുന്നു. അവ പ്രാവർത്തികമാക്കുവാനും ഭംഗിയായി നടത്തുവാനും ധാരാളം അഭ്യാസികൾ പ്രയത്നിച്ചിരുന്നു. ചെന്നൈയിൽ മാസ്റ്റർ സത്സംഗത്തിനുശേഷം പ്രഭാഷണം നടത്തി. മഹത് വ്യക്തികളെ ഓർമ്മിക്കുവാനായി നടത്തുന്ന ഇത്തരം ആഘോഷങ്ങളുടെ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിച്ചു. ഇത്തരം ആഘോഷങ്ങൾ നമ്മെ ഭൂതകാലത്തിലേക്ക് കൊണ്ടുപോകരുതെന്നും അവ വർത്തമാന കാലത്തിലാണെന്ന വിധത്തിൽ ആഘോഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. ബാബുജിയെപ്പറ്റി പരാമർശിച്ച്, നാം അദ്ദേഹത്തിൻെറ ജീവിതരീതിയും അതിൻെറ ലാളിത്യവും അനുസ്മരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

"വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്" എന്ന പുസ്തകത്തിൻെറ നാലാം വാല്യം മാസ്റ്റർ പ്രകാശനം ചെയ്തു.'വിസ്പേർസ്' എന്ന് നാമകരണം ചെയ്ത,പുസ്തകത്തിലെ തിരഞ്ഞെടുത്ത ചില സന്ദേശങ്ങളുടെ വായന അടങ്ങിയ, MP3 സി.ഡി.യിൽ നിന്നുള്ള ചില ഭാഗങ്ങൾ കേൾപ്പിച്ചു.

വിവിധ സെൻററുകളിൽ നടന്ന ആഘോഷങ്ങളോട നുബന്ധിച്ചെടുത്ത ചില ഫോട്ടോകൾ ഇതിനോടോപ്പം ചേർക്കുന്നു.


ഭിൽവാരാ


ആലുവ


അജ്മേർ


അലിഗർ


ജോധ്പൂർ

# എക്രോസ് ഇന്ത്യ വാർത്താപത്രിക


ഡെഹ്റാഡൂൺ


ദാവൻഗരെ


കോലാർ


ശ്രീഗംഗാനഗർ


ബികാനേർ


മദുരൈ


ബാംഗ്ലൂർ


കാശിപൂർ


രാംപൂർ


സിദ്ദിപ്പേട്ട്


റാഞ്ചി


ഗൊരഖ്പൂർ



മിർസാപൂർ


ഉദയ്പൂർ


കാൻപൂർ


വാരാണസി




നോയ്ഡ

## സാഹോദര്യം പ്രബലപ്പെടുത്തുവാനുള്ള യാത്ര



### വാരണാസി, ഉത്തർ പ്രദേശ്

വാരണാസി ഉത്തർ പ്രദേശിലെ സോൻഭദ്ര ജില്ലയിലുള്ള വിന്ധ്യ പർവത നിരയിലാണു സ്ഥിതിചെയ്യുന്നത്. മാർച്ച് 23നു വാരണാസി സെൻററിലെ 30 അഭ്യാസികൾ, ഉപഗ്രഹസെൻററുകളിലേക്ക്, മാസ്റ്ററുടെ അഭ്യാസികളിൽ സ്നേഹവും സാഹോദര്യവും വളർത്തുകയും ശക്തിപ്പെടുത്തുകയും വേണമെന്നുള്ള സന്ദേശവുമായി ഒരു ബസ്സിൽ പുറപ്പെട്ടു. ഈ സംഘത്തെ പ്രിസപ്റ്റർമാരായ സഹോ. രവി ജൈനും സഹോ. ആർ. കെ. മൾവിയയും ചേർന്ന് അഭിവാദ്യം ചെയ്തു സ്വീകരിച്ചു. അധൾഹാട്, റോബർട്സ്ഗഞ്ജ്, റെനുകുട്ട്, ശക്തിനഗർ, ദുധി എന്നീ സെൻററുകൾ സന്ദർശിച്ചപ്പോൾ തദ്ധേശസെൻററുകളിലെ അഭ്യാസികളും അടുത്തുള്ള സെൻററുകളിലെ അഭ്യാസികളും അവരെ അഭിവാദ്യം ചെയ്തു. ഗാർഹിക കൂടിച്ചേരലുകൾ അധൾഹാട്, രിഹന്ദ് നഗർ എന്നിവിടങ്ങളിൽവെച്ചും സത്സംഗങ്ങൾ റോബേർറ്റ്സ്ഗഞ്ജ് , ശക്തി നഗർ, ദുധി എന്നിവിടങ്ങളിൽവെച്ചും നടന്നു. ഈ രണ്ട് ദിവസത്തെ യാത്രയിൽ എല്ലാ അഭ്യാസികൾക്കും മാസ്റ്റർ കൂടെയുള്ളതായി തോന്നി. അദ്ദേഹത്തിൻെറ സാന്നിദ്ധ്യവും സ്നേഹവും അവരുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. വിവിധ സെൻററുകളിലെ അഭ്യാസികൾ കാണിച്ച സ്നേഹവും മമതയും ബ്രഹത്തായതും മറക്കാൻ പറ്റാത്തതുമായിരുന്നു.

## യുവാക്കളുടെ പരിപാടികൾ

### അഹമ്മദാബാദ്, ഗുജറാത്ത്

അഹമ്മദാബാദ് ആശ്രമത്തിൽ ഫെബ്രുവരി 25–26 തിയ്യതികളിൽ ചർച്ച ചെയ്ത വിഷയം 'യൗവ്വനം: പ്രയത്നത്തിൻെറയും പ്രത്യാശയുടെയും കാലഘട്ടം' എന്നതായിരുന്നു. പങ്കെടുത്തവരെ ചെറിയ സംഘങ്ങളാക്കിത്തിരിച്ച് ആശ്രമത്തിലെ ചില ജോലികൾ കൊടുത്തു. അതിനുശേഷം അവർ വിജയിക്കുന്നതിനേക്കാൾ സന്തോഷം ലഭ്യമാക്കുന്ന ഒരു കളിയിൽ ഏർപ്പെട്ടു. പൂനെ സെൻററിലെ പങ്കാളികൾ യുവാക്കൾക്കു തന്നെ ചെയ്യാവുന്ന മിഷനിലെ ചില പ്രവൃത്തികളെക്കുറിച്ചുള്ള ഒരു വീഡിയൊ കാണിച്ചു. ഞായറാഴ്ച സത്സംഗത്തിനു ശേഷം അവരോട് മാസ്റ്ററുടെ സന്ദേശങ്ങൾ വായിച്ച് അവലോകനം ചെയ്യാൻ പറഞ്ഞു. അതിനു ശേഷം അവരെ ഒരു വീഡിയൊ കാണിച്ച് അതിൻെറ ആത്മീയമായ അർത്ഥം കണ്ടുപിടിക്കാൻ പറഞ്ഞു. സുരാടിൽ നിന്നുള്ള അഭ്യാസികൾ ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു സ്കിറ്റ് അവതരിപ്പിച്ചു. സഹജമാർഗത്തെപ്പറ്റി പൊതുസമൂഹത്തിൽ എങ്ങിനെ പ്രതിനിധീകരിക്കുകയും സംസാരിക്കുകയും ചെയ്യണമെന്നതിനു ചില ഉപകാരപ്രദമായ വിവരങ്ങളും അവർക്കു ലഭിച്ചു. ഈ പരിപാടി കഴിഞ്ഞപ്പോൾ അവരിൽ എന്തെന്നില്ലാത്തൊരു അടുപ്പം കാണാൻ കഴിഞ്ഞു.


### ഭിൽവാര, രാജസ്ഥാൻ

ഫെബ്രുവരി 26നു 7 അഭ്യാസികൾ 'സ്നേഹം' എന്ന വിഷയത്തോടനുബന്ധിച്ച് ഒരു യൂത്ത്പ്രോഗ്രാമിൽ പങ്കെടുത്തു. അവർ അവരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുകയും മിഷൻ പുസ്തകങ്ങളിലെ എടുത്തുപറഞ്ഞ വാക്കുകളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. മാർച്ച് 25നു സത്സംഗിനുശേഷം 9 അഭ്യാസികൾ സഹജ മാർഗത്തിലെ യുവാക്കൾക്കു മിഷൻെറ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനേക്കുറിച്ചുള്ള അവബോധം എങ്ങിനെ ഉണ്ടാക്കാം എന്നതിനെപ്പറ്റി ചർച്ച ചെയ്തു. എല്ലാ ആഴ്ചയിലും സത്സംഗത്തിനു ശേഷം ഒരു സ്കിറ്റ് അവതരിപ്പിക്കുന്നതിനെപ്പറ്റിയും വേനൽ അവധിയിൽ ഒത്തൊരുമ ശക്തിപ്പെടുത്താൻ വേണ്ടി ഒരു ഉല്ലാസയാത്ര പോകുന്നതിനെപ്പറ്റിയും അഭിപ്രായങ്ങൾ സ്വീകരിച്ചു.


## പുതിയ പ്രസിദ്ധീകരണങ്ങൾ





'ലൗ ഏൻറ് ഡെത്ത്' ൻെറ തമിഴ് പരിഭാഷയുടെ പുതിയ പ്രിൻറ്





ഹാർട്ട്സ്പീക്ക് 2011
ഇംഗ്ലീഷ്




ഹാർട്ട്സ്പീക്ക് 2010
ഡിവിഡി




ബാബുജി ഇൻ ഷാജഹാൻപൂർ 1971–1975
എംപി3




ഹാർട്ട്സ്പീക്ക് 2009

2009–ൽ മാസ്റ്റർ ഇന്ത്യയിൽ വച്ചുനൽകിയ പ്രഭാഷണങ്ങൾ, ഔദ്യോഗിക ചർച്ചകൾ എന്നിവയടങ്ങിയ ഹാർട്ട്സ്പീക്കിൻെറ ഏറ്റവും പുതിയ പതിപ്പ്




വിസ്പേർസ്
(തിരഞ്ഞെടുക്കപ്പെട്ട സന്ദേശങ്ങൾ) എംപി3




ഹാർട്ട്സ്പീക്ക് 2008
എംപി3

# ആശ്രമ വികസനം





## ജൈപുർ, ആന്ധ്രപ്രദേശ്

മാർച്ച് 25-ന ഞായറാഴ്ച്ച മാസ്റ്റർ ചെന്നൈയിലിരുന്ന് അദിലാബാദ് ജില്ലയിലെ ജൈപുർ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം ചെയ്തു. ആശ്രമത്തിൻെറ 10 ഏക്കർ സ്ഥലം അദ്ദേഹം വീഡിയൊവഴി കണ്ടതിനു ശേഷം ഉത്ഘാടനം നടത്തിയതായി പ്രഖ്യാപിച്ചു. അപ്പോൾ ജൈപൂരിലുണ്ടായിരുന്ന ഏകദേശം 200 അഭ്യാസികൾ മെഡിറ്റേഷൻ ഹാളിൽ പ്രവേശിച്ച് സത്സംഗത്തിനിരുന്നു. ആ ഹാളിൽ ഏകദേശം 1500 പേർക്കിരിക്കാം. ഗോദാവരിക്കനി, മഞ്ചെരിയൽ, ശ്രീരാമ്പുർ, മന്ദമാരി, ബെല്ലാമ്പള്ളി, ഗൊലേട്ടി തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊണ്ട ഈ കൽക്കരിഘനിപ്രദേശത്തിനിപ്പോൾ സ്വന്തമായൊരു ആശ്രമുണ്ട്.

## ബരഗുർ, തമിഴ്നാട്

വടക്കൻ തമിഴ്നാട്ടിലെ ZIC ശ്രീ എസ്. പ്രകാശ് മാർച്ച് 3-ന കൃഷ്ണഗിരിക്കടുത്തുള്ള ബറുഗൂരിൽ ആശ്രമം ഉത്ഘാടനം ചെയ്തു. അതിനോട്ചേർന്ന് സത്സംഗത്തിനു ശേഷം അഭാസികളുടെ എണ്ണവും ഗുണനിലവാരവും എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെപ്പറ്റി ചർച്ച ഉണ്ടായി.

## ചിക്ലി, മഹാരാഷ്ട്ര

ഇവിടെ 2005-ൽ സ്ഥലം വാങ്ങിച്ച് മെഡിറ്റേഷൻ ഹാൾ, മാസ്റ്ററുടെ കോട്ടേജ്, അടുക്കള എന്നിവ പണി പൂർത്തിയാക്കി ഉത്ഘാടനത്തിനായി മാസ്റ്ററെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. മാസ്റ്ററുടെ യാത്രക്ക് പരിമിതികൾ വന്നതിനാൽ 12 അഭ്യാസികൾ ആശ്രമത്തിൻെറ വീഡിയൊയുമായി മാസ്റ്ററെ കാണാൻ ചെന്നൈയിലേക്ക് പോയി. ഫെബ്രവരി 27-ന മാസ്റ്റർ ആശ്രമം ഉത്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. ആശ്ചര്യമെന്നു പറയട്ടെ, ഫെബ്രവരി 29-ന മാസ്റ്റർ വീഡിയൊകോൺഫെറൻസ് വഴി ചിക്ലിയുമായി ബന്ധപ്പെട്ടു. അഭ്യാസികളുമായി അവരുടെ ഭാഷയിൽ മാസ്റ്റർ സംസാരിച്ചു. എന്നിട്ട് സഹോ. നിവിർത്തിയോട് സത്സംഗം നടത്താൻ പറഞ്ഞു. സത്സംഗത്തിന് ചിക്ലിയിൽ നിന്നും, അടുത്തുള്ള പ്രദേശങ്ങളായ ബുൽധാന, ഖാംഗൊവ്, കിൻഹൊല, ഡെയ്ല്ഗവ് ഗുബെ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും 100 അഭ്യാസികൾ പങ്കെടുത്തു.

## ദാമൻ

2008 വരെ ഞായറാഴ്ച്ചത്തെ സത്സംഗത്തിന് ദാമനിലെ അഭ്യാസികൾ വാപി കേന്ദ്രത്തിലാണ് പോയിരുന്നത്. 2008 നവംബറിൽ മാസ്റ്റർ സഹോ. ശൈലേന്ദ്രയെ പ്രിഫെക്റ്റ് ആയി നിയമിച്ചു. അതിനുശേഷം സത്സംഗുകൾ സഹോ. എം. എസ്. പാണ്ടെയുടെ വീട്ടിലാണ് നടത്തുന്നത്. ഏകദേശം 20 അഭ്യാസികളുണ്ട്. അഭ്യാസികളുടെ എണ്ണം 35 ആയി വർദ്ധിച്ചപ്പോൾ ശ്രീ പാണ്ടെ അദ്ദേഹത്തിൻെറ വീടിനുമുകളിൽ മെഡിറ്റേഷൻ ഹാൾ നിർമ്മിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. 2012-ൽ 1600 ചതുരശ്ര അടി വിസ്താരമുള്ള മെഡിറ്റേഷൻ ഹാൾ നിർമ്മിച്ചു. അഭ്യാസികൾ ഫാൻ, കസേര, മേശ, അലമാര എന്നിവ സൗജന്യമായി നൽകി.

ഏപ്രിൽ 1-ന പുതിയ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം ചെയ്തു. അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികളും സൂറത്തിലെ CIC യും ഗുജറാത്തിലെ ZIC യും പങ്കെടുത്തു. 90 അഭ്യാസികളും 21 കുട്ടികളും ഈ പരിപാടിയിൽപങ്കെടുത്തു. സഹോ. അനിൽ, ZIC കളായ രാജുഭായ്, സുരേന്ദ്ര എന്നിവർ പ്രസംഗിച്ചു. അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നു വന്ന അഭ്യാസികൾ അവരുടെ കേന്ദ്രങ്ങളിൽ അഭ്യാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി സംസാരിച്ചു. ജീവിത മൂല്യങ്ങളെപ്പറ്റിയുള്ള ഒരു ചെറിയ നാടകവും, അഭ്യാസികളും കുട്ടികളും നടത്തിയ ഭജനയും ഈ പരിപാടിയിൽ ഉണ്ടായിരുന്നു.

## വില്ലുപുരം, തമിഴ്നാട്.

വില്ലുപുരം ആശ്രമത്തിൻെറ സ്ഥലത്തിൻെറ രേഖകൾ സമർപ്പിക്കാനായി വില്ലുപുരത്തെ അഭ്യാസികൾ മണപ്പാക്കത്തിലേക്കു വന്നു. 9 പേർ മതിയെന്നായിരുന്നു തീരുമാനം; എന്നാൽ വളരെ പ്രതീക്ഷയോടും, സ്നേഹം നിറഞ്ഞ ഹൃദയത്തോടും കാത്തിരുന്ന മറ്റു ചില അഭ്യാസികളെയും മാസ്റ്ററെ കാണാൻ അനുവദിച്ചു. മാസ്റ്റർ വില്ലുപുരം സന്ദർശിക്കാമെന്നു ഉറപ്പുനൽകി. അവിടെ ഒരു ദിവസം താമസിക്കാൻ കഴിയുമോ എന്നു അദ്ദേഹം ആരാഞ്ഞു. കുട്ടികളുമായി മാസ്റ്റർ സംസാരിച്ചു. ആശ്രമനിർമാണവുമായി മുന്നോട്ടു പോകാൻ അഭ്യാസികളോട് നിർദ്ദേശിച്ചു. അഭ്യാസികൾ സന്തോഷഭരിതരായി. മാസ്റ്ററുടെ അനുഗ്രഹം ലഭിച്ചതായി അവർക്കു അനുഭവപ്പെട്ടു.





## സോണൽ ആശ്രമം, ബാംഗ്ലൂർ



ബാംഗ്ലൂർ സോണൽ ആശ്രമത്തിൽ ഒരു പുതിയ മെഡിറ്റേഷൻ ഹാൾ നിർമിച്ചു. ഈ മെഡിറ്റേഷൻ ഹാളിനെ ഈ കാലഘട്ടത്തിലെ മാസ്റ്ററായ പരംപൂജ്യ ബാബുജി മഹാരാജിന് 2012 ഫെബ്രവരി 19-ന മാസ്റ്റർ സമർപ്പിച്ചു. ഇതിൻെറ വിസ്താരം 80 X 120 അടിയാണ്. ഇതിൽ 2000 അഭ്യാസികൾക്കിരിക്കാം. തുറന്നുവെച്ചിരിക്കുന്ന തരത്തിലുള്ള ഒരു ഹാളാണിത്. അവിടുത്തെ കാലാവസ്ഥക്കും ചുറ്റുമുള്ള വൃക്ഷ-സസ്യാദികൾക്കും യോജിച്ചതാണ് ഇത്.

ഇതിനോടനുബന്ധിച്ച് 2012 ഫെബ്രവരി 26-ന ഒരു മുഴു-ദിന പരിപാടി നടത്തി. 9 മണിക്കുള്ള സത്സംഗത്തോടുകൂടിയാണ് പരിപാടി ആരംഭിച്ചത്. 4 മണിക്കും സത്സംഗമുണ്ടായിരുന്നു. ബാംഗ്ലൂരിൽ നിന്നും അതിനടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നുമായി 1353 അഭ്യാസികളും 125 കുട്ടികളും ഇതിൽ പങ്കെടുത്തു. തദവസരത്തിൽ സഹോ. എ. പി. ദുരൈ, സഹോ. പ്രസന്ന, സഹോ. നാഗരാജ, സഹോ. വെങ്കിടാദ്രി എന്നിവർ സംസാരിച്ചു. "ഗുരുവും ലക്ഷ്യവും" എന്നതായിരുന്നു വിഷയം. അഭ്യാസികൾക്ക് ആന്തരികമായി ചിന്തിക്കാൻ ഇത് അവസരമൊരുക്കി. അടുത്ത കാലത്ത് സൃഷ്ടിച്ച AMC സംഘത്തിനു ഇത് പ്രചോദനമായിരുന്നു.

## മുഴുദിന പരിപാടികൾ

### ഭിൽവാര, രാജസ്ഥാൻ (മാർച്ച് 4, 2012)

അഭ്യാസികൾ സഹജമാർഗത്തിൽ ചേരാൻ കാരണമായ ശാന്തി, ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം, സത്യാന്വേഷണം, ഈശ്വരാന്വേഷണം എന്നീ വിഷയങ്ങളെപ്പറ്റി പഴയതും പുതിയതുമായ അഭ്യാസികൾ ഒന്നിച്ചു ചേർന്നു ചർച്ച ചെയ്തു. അതിനു ശേഷം സാധനയിലും, അഭ്യാസികൾ തമ്മിലുള്ള പരസ്പര പ്രവർത്തനത്തിലും വരുന്ന പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്തു.

പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിൽ ഗുരുവിൻെറ സാന്നിദ്ധ്യവും സഹായവും അനുഭവിച്ചതായി പല അഭ്യാസികളും വെളിപ്പെടുത്തി. യാതൊരു പരിധിയുമില്ലാത്ത മാസ്റ്ററുടെ സ്നേഹവും സഹായവുമാണ് അഭ്യാസികളെ ഇതിൽ തുടരാൻ പ്രേരിപ്പിക്കുന്നതെന്നതാണ് ഇതിൻെറ അന്തസത്ത. ഈ പ്രോഗ്രാം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുമെന്നും, മാസ്റ്ററിൽ അവർക്കുള്ള വിശ്വാസം വർദ്ധിക്കുമെന്നും, അങ്ങനെ അവർ അവരുടെ അന്തിമ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഇതു സഹായിക്കുമെന്നും പ്രത്യാശിക്കുന്നു.

### വിരുതുനഗർ ആശ്രമം തമിഴ്നാട്



മാർച്ച് 18-ന വിരുദുനഗറിൽ നിന്നും അതിനടുത്തുള്ള ഉപ-കേന്ദ്രങ്ങളിൽ നിന്നും വന്ന 52 അഭ്യാസികൾ "ഇച്ഛാശക്തിയുടെ കഴിവ്", "ഉണർന്നെഴുനേൽക്കു" എന്നീ വിഷയങ്ങളെപ്പറ്റി നടത്തിയ സമൂഹചർച്ചയിൽ പങ്കെടുത്തു. മാസ്റ്ററുടെ "ഗുരുവും ലക്ഷ്യവും" എന്ന പുസ്തകത്തിലെ ഉദ്ധരണികൾ വായിച്ചു ചർച്ച ചെയ്തു. പൂന്തോട്ടവും അടുക്കളയും ഇവർ വൃത്തിയാക്കുകയും ചെയ്തു. ഇത്തരം പരിപാടികൾ മാസ്റ്ററുടെ സ്മരണ നിലനിർത്താൻ വളരെ നല്ല അവസരമാണെന്നു അഭ്യാസികൾ അഭിപ്രായപ്പെട്ടു.



### തിരൂർ ആശ്രമം, കേരള(മാർച്ച് 25, 2012)

ഇവിടുത്തെ ആശ്രമം മൂന്നു ഭാഗത്തും അറബിക്കടലാലും നദിയാലും ചുറ്റപ്പെട്ടു പ്രകൃതി അനുഗ്രഹിച്ചതാണ്. തിരൂർ റയിൽവെ സ്റ്റേഷനിൽ നിന്നും 14 കി. മീ ദൂരത്താണ് ഈ ആശ്രമം സ്ഥിതിചെയ്യുന്നത്. 2009 ഏപ്രിൽ 14-നാണ് ഈ ആശ്രമം ഉത്ഘാടനം ചെയ്യപ്പെട്ടത്. അന്നു തുടങ്ങി എല്ലാ ഞായറാഴ്ച്ചയും ഇവിടെ മുഴുദിന പരിപാടികൾ നടത്തപ്പെടുന്നുണ്ട്.

ഈ വർഷം മാർച് 25-ന ആശ്രമത്തിൽ ഒരു മഹാ-മുഴു-ദിന പരിപാടി നടത്തി. അഭ്യാസികളും കുട്ടികളും ചേർന്നു ഏകദേശം 200 പേർ പങ്കെടുത്തു. ഇവരെല്ലാം ഈ ആശ്രമത്തിനടുത്തുള്ള പൊന്നാനി, മഞ്ചേരി, പെരിന്തൽമണ്ണ, പട്ടാമ്പി, വാളാഞ്ചേരി എന്നീ കേന്ദ്രങ്ങളിലുള്ളവരാണ്. രാവിലെ 7.30ന് സത്സംഗം നടത്തി. അതിനുശേഷം '3M' നെക്കുറിച്ചും സഹജമാർഗ കുടുംബത്തെക്കുറിച്ചും പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. പ്രഭാഷണങ്ങളെല്ലാം അറിവു നൽകുന്നവയായിരുന്നു. തങ്ങളുടെ ജീവിതത്തിൽ ഈ തത്വങ്ങൾ പ്രായോഗികമാക്കാൻ അഭ്യാസികൾ തീരുമാനമെടുത്തു. ഉച്ചക്കു ശേഷം യുവാക്കൾക്കായി ഒരു മീറ്റിംഗ് നടത്തി. എല്ലാ മാസവും വിവിധ കേന്ദ്രങ്ങളിൽ മീറ്റിംഗ് നടത്താൻ അവർ തീരുമാനിച്ചു.

കുട്ടികളുടെ വേദിയിൽ ഒരു ചെറു നാടകം അവതരിപ്പിച്ചു. മൂല്യാധിഷ്ടിത കഥകൾ അവർക്കു പറഞ്ഞു കൊടുത്തു. അവരെ ചെറു സംഘങ്ങളായി തിരിച്ച് ചെറിയ നാടകങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിച്ചു. ഉത്സാഹത്തോടു കൂടി കുട്ടികൾ ഇതിൽ പങ്കെടുത്തു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

# സെമിനാറുകളും ശിൽപശാലകളും

## മുംബൈയിൽനിന്നുള്ള അഭ്യാസികൾക്കായുള്ള സെമിനാർ:



ചെന്നൈ 2012 ഫെബ്രുവരി 26 മുതൽ മാർച്ച് 3 വരെ

ഫെബ്രുവരി 26 ന് മുബൈയിൽ നിന്നുള്ള 500ഓളം അഭ്യാസികൾ മാസ്റ്റർ സത്സംഗം നടത്തുന്നതും വിവാഹങ്ങൾ നടത്തുന്നതും കണ്ട് സന്തോഷഭരിതരായിരുന്നു. മാസ്റ്ററുടെ സാന്നിദ്ധ്യത്തേക്കാൾ മാസ്റ്ററെ ഹൃദയം കൊണ്ട് അനുസന്ധാനം ചെയ്യുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ച് സഹോദരൻ കമലേഷ് പട്ടേൽ സംസാരിച്ചു.

"സാഹോദര്യത്തെക്കുറിച്ചും", "ഹൃദയപൂർവ്വമുള്ള സംസാര"ത്തെക്കുറിച്ചും സഹോ. ആൽബർട്ടോവിൻേറയും സഹോദരി ലളിതാ ശ്രീനിവാസൻേറയും നേതൃത്വത്തിൽ പ്രഭാഷണങ്ങളും ചർച്ചകളും ഉണ്ടായിരുന്നു. സാധനയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് സഹോ. രാജഗോപാൽ മറുപടി നൽകി. സേവനത്തെക്കുറിച്ചും നിരന്തരസ്മരണയെക്കുറിച്ചും, സാഹോദര്യത്തെക്കുറിച്ചും സഹോ. സോമകുമാർ സംസാരിച്ചു.

29ന് വൈകുന്നേരം അമ്പതോളം പുതിയ അഭ്യാസികളെ മാസ്റ്റർ, കോട്ടേജിൽ വെച്ച് കാണുകയുണ്ടായി. മാർച്ച് ഒന്നിന് മാസ്റ്റർ എല്ലാ അഭ്യാസികളുമൊത്ത് സമയം ചിലവഴിച്ചു. അഭ്യാസിയുടെ ജീവിതത്തിൽ സമയം ശരിയായി വിനിയോഗിക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ച് മാസ്റ്റർ വിശദീകരിച്ചു. പരിശീലനത്തിൻെറ ഗൗരവം ഉൾക്കൊണ്ട് സമയം കിട്ടുമ്പോഴെല്ലാം ധ്യാനിക്കേണ്ടതിൻെറ പ്രാധാന്യം മാസ്റ്റർ അടിവരയിട്ടു പറഞ്ഞു. അഭ്യാസികൾ തയ്യാറാക്കിയ കലാപരിപാടികളും ഇതോടൊപ്പം ഉണ്ടായിരുന്നു. അഭ്യാസികൾ കൂടുതൽ അർപ്പണബോധത്തോടെ സാധന ചെയ്ത്, അപ്രകാരം നാം എന്തായിത്തീരണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നുവോ, അതായിത്തീരാൻ ഉത്തേജനം നൽകുന്ന ഒന്നായിരുന്നു ഈ സെമിനാർ.



## പരിശീലകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി

ആർ കെ പുരം ആശ്രമം, ന്യൂഡൽഹി, മാർച്ച് 23-25,2012

പരിശീലകർക്കു വേണ്ടിയുള്ള ഈ പരിശീലനപരിപാടി "സ്പിരിച്വൽ ട്രെയിനിംഗ് ഡെലിവറി" ടീം തലവനായ സഹോ. സന്തോഷ് ശ്രീനിവാസനാണ് സംഘടിപ്പിച്ചത്. ധാരാളം ശിൽപശാലകൾ സംഘടിപ്പിച്ചതിൽ നിന്നും, മിഷൻെറ കാര്യകർത്താക്കളിൽ നിന്നും, അഭ്യാസി ട്രെയിനിംഗ് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന കാര്യം തിരിച്ചറിഞ്ഞ SPD ടീം "പരിശീലനം ഉറപ്പിക്കുക" എന്ന ആദ്യപരിശീലക്രമം രൂപപ്പെടുത്തിയെടുത്തു കഴിഞ്ഞു. വിവിധ സോണിൽ നിന്നും എത്തിയ പ്രതിനിധികൾക്ക് അവരുടെ കേന്ദ്രങ്ങളിലുള്ള അഭ്യാസികൾക്ക് പരിശീലനം നൽകുക എന്ന ഉദ്ദേശത്തിലാണ് ഈ ശിൽപശാല രൂപപ്പെടുത്തിയിരിക്കുന്നത്.

ഉത്തരേന്ത്യയിലെ സോൺ 9-12,18 എന്നിവിടങ്ങളിൽ നിന്നായി 63 പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുത്തിരുന്നു. ആ സമയത്ത് ഡൽഹിയിൽ ഉണ്ടായിരുന്ന സഹോ: കമലേഷ് പട്ടേൽ അവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഭൂരിപക്ഷം പ്രതിനിധികൾക്കും, ഈ സെമിനാർ അവർക്ക് വളരെ അധികം ഗുണം ചെയ്തു എന്ന അഭിപ്രായമായിരുന്നു.



## പ്രിഫക്റ്റുമാർക്കുള്ള സെമിനാർ

വടുകപ്പട്ടി ആശ്രമം, തമിഴ്നാട്

മാർച്ച് 16, 17 തീയതികളിലായി ഉത്തര തമിഴ്നാടിലെ ട്രിച്ചിയിലുള്ള വടുകപ്പെട്ടി ആശ്രമത്തിൽ വെച്ച് അറുപത്തെട്ട് പ്രിഫക്റ്റുമാർ പങ്കെടുത്ത ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. "എല്ലാവർക്കും ആദ്ധ്യാത്മികത" എന്ന ആശയത്തിലൂന്നിയ ഈ സെമിനാറിൻെറ സംഘാടകൻ ZIC സഹോ. പ്രകാശ് ആയിരുന്നു.

2017 ആകുമ്പോഴേക്കും ഈ സോണിലെ ആദ്ധ്യാത്മിക ജിജ്ഞാസുക്കളെല്ലാവർക്കും സഹജമാർഗത്തെക്കുറിച്ച് അറിയിക്കുക എന്നതായിരുന്നു ഈ സെമിനാറിൻെറ മുഖ്യലക്ഷ്യം.

ഗ്രൂപ്പുകളായിതിരിഞ്ഞ് ഈ ആശയത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ഈ വിഷയത്തെ അധികരിച്ച് ചെറിയ സ്കിറ്റുകൾ വിവിധ ഗ്രൂപ്പുകൾ അവതരിപ്പിച്ചു. അവയിൽ പലതും നർമം നിറഞ്ഞതും ചിന്തോദ്ദീപങ്ങളും ആയിരുന്നു. അതിൽനിന്നും ഉരുതിരിഞ്ഞുവന്ന അഭിപ്രായങ്ങളെഭാവിയിൽ ഉപയുക്തമാക്കാനായുള്ള ആശയങ്ങളും കർമ്മ പരിപാടിയുമാക്കി മാറ്റി.

രണ്ടാമത്തെ ദിവസം ഈ സംഘം തഞ്ചാവൂർ ആശ്രമം സന്ദർശിച്ചു. കുറച്ചു പ്രിസപ്റ്റർമാരുടെ പ്രഭാഷണങ്ങളുമുണ്ടായി. ലക്ഷ്യത്തിലൂന്നി കൂട്ടായി ജോലി ചെയ്യുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ച് സഹോ: എസ്. പ്രകാശ് ആവർത്തിച്ചു പറയുകയുണ്ടായി.

## മിഷൻസാഹിത്യത്തെക്കുറിച്ച് ഒരു ശിൽപശാല

കർണാടക

ബാംഗ്ലൂർ കേന്ദ്രത്തിലെ പുസ്തക പ്രസിദ്ധീകരണവിഭാഗത്തിലെ വളൻറിയർമാർ, അഭ്യാസികളുടെ മിഷൻസാഹിത്യവായനയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഹുൺസൂരിലും ഷിമോഗയിലും ഒരു ശിൽപശാല നടത്തുകയുണ്ടായി.

ഫെബ്രുവരി 12ന് ഷിമോഗയിൽ വെച്ച് നടത്തിയ ഈ കൂട്ടായ്മയിൽ ഷിമോഗ, ഭദ്രാവതി, ന്യാംതി, മാംഗ്ലൂർ മുതലായ കേന്ദ്രങ്ങളിൽ നിന്നുമായി 32 അഭ്യാസികൾ പങ്കെടുക്കുകയുണ്ടായി. മാർച്ച് 25ന് ഹുൺസൂരിൽ നിന്നും പെരിയപട്ടണത്തുനിന്നുമുള്ള 30 ഓളം അഭ്യാസികൾ ഹുൺസൂരിലുള്ള ശാസ്ത്രി സ്കൂൾ ഓഡിറ്റോറിയത്തിൽ ഒത്തുകൂടി.

മീറ്റിംഗിൽ പങ്കെടുക്കുന്നതിനു മുമ്പ് മാസ്റ്ററുടെ ഒരു പുസ്തകം വായിച്ചു വരുന്നതിനും മാസ്റ്റർ പറഞ്ഞ ഒരു കഥ ഓർത്തു വരുന്നതിനും എല്ലാവരോടും നേരത്തേ തന്നെ ആവശ്യപ്പെട്ടിരുന്നു. നമ്മുടെ സാധനയുടെ ഭാഗമായി കുറച്ചു സമയം മിഷൻസാഹിത്യം നിത്യേന ശ്രദ്ധയോടുകൂടി ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി വായിക്കേണ്ടതിൻെറ പ്രാധാന്യം എടുത്തുപറയുകയുണ്ടായി.

അഭ്യാസികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചതിനു ശേഷം തങ്ങൾ ഓരോരുത്തരും തിരഞ്ഞെടുത്ത കഥ അവിടെ ചർച്ചചെയ്യുന്നതിനും അതിൽ അവർ കണ്ടെത്തിയ മൂല്യമെന്താണെന്നും, ആ മൂല്യം ജീവിതത്തിൽ പകർത്തുന്നുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള പ്രതിബന്ധങ്ങൾ എന്താണെന്നും അവയെതരണം ചെയ്യുവാൻ എന്തുസമീപനം സ്വീകരിച്ചുവെന്നും എല്ലാം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി.തുടർന്ന് മാസ്റ്റർ ഈ കഥ പറയുന്നതിൻെറ വീഡിയോ ക്ലിപ്പിംഗുകൾ കാണിച്ചു. എല്ലാ അഭ്യാസികളും വളരെ ഉത്സാഹത്തോടു കൂടി ഈ പരിപാടിയിൽ പങ്കെടുക്കുകയും, അതിൽനിന്നും നേട്ടങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു. മിഷൻ സാഹിത്യത്തിൻെറ വിൽപനക്കുള്ള സൗകര്യം ഇവിടെ ഒരുക്കിയിരുന്നു.

## കായികദിനം കുട്ടികൾക്കു വേണ്ടി

ബി.എം.എ. മണപ്പാക്കം ചെന്നൈ

2012 ഏപ്രിൽ ഒന്നിനു കുട്ടികൾക്കു വേണ്ടി ഒരു കായികദിനം സംഘടിപ്പിച്ചു. വ്യത്യസ്ത കായിക ഇനങ്ങളിലായി 160 ഓളം കുട്ടികൾ പങ്കെടുത്തു. ആറു മുതൽ എട്ടു വരെ, എട്ടു മുതൽ പത്തു വരെ, പത്തു മുതൽ പന്ത്രണ്ടു വരെ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി ഇവരെ തരം തിരിച്ചിരുന്നു. സ്പൂണിൽ നാരങ്ങ വെച്ചുള്ള മത്സരം, ജോടികളായിട്ടുള്ള മത്സരം, തവളചാട്ടം, ലക്കി കോർണർ എന്നിങ്ങനെ വിവിധ മത്സരങ്ങൾ ഉണ്ടായിരുന്നു.



കുട്ടികൾക്കു വേണ്ടി ഒരുക്കിയിട്ടുള്ള കളി സ്ഥലത്താണ് രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഈ മത്സരങ്ങൾ അരങ്ങേറിയത്. എല്ലാ കുട്ടികളും വളരെ ഉത്സാഹത്തോടു കൂടി തന്നെ ഈ മത്സരങ്ങളിൽ പങ്കെടുക്കുകയും ,ആഘോഷിക്കുകയും ചെയ്തു. വളൻറിയർമാരും, കുട്ടികളും ചേർന്ന് ആലപിച്ച പ്രാർത്ഥനയോടു കൂടിയാണു മത്സരങ്ങൾ ആരംഭിച്ചത്. തുടർന്ന് സമ്മാനദാനവും നടന്നു.

## വളൻറിയർമാർക്കു വേണ്ടിയുള്ള ശിൽപശാല

വെല്ലൂർ, തമിഴ്നാട്



വെല്ലൂരിനും അതിനു ചുറ്റുവട്ടത്തുനിന്നുമായുള്ള വളൻറിയർമാർക്കു വേണ്ടി ഫെബ്രുവരി 25, 26 തിയതികളിൽ ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. 40ഓളം വളൻറിയർമാർ ഇതിൽ പങ്കെടുത്തു. വളൻറിയർമാരെ അവരുടെ സാധനയിൽ പ്രോത്സാഹിപ്പിക്കുകയും, ഒരു ടീമായി പ്രവർത്തിക്കുന്നതിനുവേണ്ട ഉത്തേജനം നൽകുകയും, ഹൃദയങ്ങൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതിൻെറ പ്രാധാന്യം അറിയുകയും ആയിരുന്നു ഈ കൂട്ടായ്മയുടെ പ്രധാന ഉദ്ദേശ്യം. ഗ്രൂപ്പു ചർച്ചകൾക്കുവേണ്ടി നാലുവിഷയങ്ങൾ തിരഞ്ഞെടുത്തിരുന്നു. ശ്രവണത്തിന് കൂടുതൽ ഊന്നൽ നൽകിയുള്ള ആശയവിനിമയത്തിന് വേണ്ട നിർദ്ദേശങ്ങൾ വളൻറിയർമാർക്ക് നൽകി. ഒരു ദിവ്യപരിവേഷം തന്നെ ആ അന്തരീക്ഷത്തിൽ അനുഭവവേദ്യമായിരുന്നു.

## കൂട്ടായ്മ

സവായ്, മധോപൂർ

സഹജമാർഗ പരിശീലനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും, അതിനോടനുബന്ധിച്ച് ഒരു ക്വിസ്മത്സരം നടത്തുന്നതിനും വേണ്ടി സവായ്, മധോപൂരിലെ എല്ലാ അഭ്യാസികളും മാർച്ച് 3 ന് ഒത്തു ചേർന്നു. സഹോദരൻ അയോദ്ധ്യാ പ്രസാദ് സംഘടിപ്പിച്ച ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത് ജയ്പൂർ കേന്ദ്രത്തിലെ സഹോദരൻ സന്ദീപ് ആയിരുന്നു. അഭ്യാസികളെ രണ്ടു ഗ്രൂപ്പുകളായി തിരിച്ചതിനു ശേഷം, ഓരോ ഗ്രൂപ്പും സഹജമാർഗം എങ്ങനെ നന്നായി മനസ്സിലാക്കാം എന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. ചർച്ചാരൂപത്തിലായിരുന്നു ഈ മീറ്റിംഗിൻെറ ഘടന. ക്വിസ് പ്രോഗ്രാമിന് ഉപയോഗിച്ച വിഷയം മാസ്റ്ററുടെ പ്രഭാഷണങ്ങളിൽ നിന്നും എടുത്തവയായിരുന്നു. കൃത്യമായ ഗൃഹസദസ്സുകൾ സംഘടിപ്പിക്കുന്നതിനു വേണ്ടപ്രചോദനം ഈ കൂട്ടായ്മയിൽനിന്നും ലഭിച്ചു.

## ആദ്ധ്യാത്മികതയും ചികിത്സയും

കാസർഗോഡ്, കേരളം മാർച്ച് 11, 2012

ആദ്ധ്യാത്മികതയും ചികിത്സയും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ കാസർഗോട്ടെ ബേളയിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് മുതൽ കാസർഗോഡ് വരെയുള്ള പ്രദേശങ്ങളിൽ നിന്നുമായി പതിനാലു ഡോക്ടർമാർ ഈ സെമിനാറിൽ പങ്കെടുത്തു. ചികിത്സാ വിദ്യാഭ്യാസത്തിൽ ആദ്ധ്യാത്മികതക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഡോക്ടർമാരെ ബോധവാന്മാരാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിൻെറ ലക്ഷ്യം. രോഗത്തിന് ചികിത്സിക്കുകയല്ലാതെ, അതനുഭവിക്കുന്ന രോഗിയെക്കുറിച്ചുള്ള ചിന്ത ഇന്നത്തെ ചികിത്സാസമ്പ്രദായത്തിലില്ല. തനിക്ക് ലഭിച്ചേക്കാവുന്ന വരുമാനത്തെക്കുറിച്ച് ഡോക്ടമാർ ചിന്തിക്കുമ്പോൾ, രോഗി ഭയക്കുന്നത് തനിക്ക് വന്നേക്കാവുന്ന ചിലവിനേക്കുറിച്ചാണ്. ഒരു ഡോക്ടർ ആഗ്രഹിക്കുകയാണെങ്കിൽ ആ രോഗിയിൽ ഒരു ഗുണാത്മക ഭാവം സൃഷ്ടിക്കുവാൻ സാധിക്കും. അതുവഴി ആ രോഗിയെ ആദ്ധ്യാത്മികതയിലേക്ക് നയിക്കുവാനും സാധിക്കും.

## പ്രബന്ധരചനയുടെ സർട്ടിഫിക്കറ്റ് വിതരണം

2011ൽ നടന്ന പ്രബന്ധരചന പരിപാടിയിൽ വിവിധ തലങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം നടത്തുന്നുന്നതിനായി ഇന്ത്യയിലുടനീളം ചടങ്ങുകൾ സംഘടിപ്പിച്ചു. വടക്കേ കർണ്ണാടകയിലെ ബെല്ലാരി, ഗുൽബർഗ്ഗ, ഹുബ്ലി, ബിദർ, തമിഴ്നാടിലെ തൂത്തുകുടി, തിരുച്ചെന്തൂർ, കോവിൽപ്പെട്ടി, ഊട്ടി, തിരുപ്പൂർ, ഗുജറാത്തിലെ ഭുജ്, മെഹ്സാന വഡോദര, ഝാർഖണ്ടിലെ റാഞ്ചി തുടങ്ങിയ സെൻററുകളിൽ 2012 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തി. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരെ ക്ഷണിക്കുകയും വിവിധ തലങ്ങളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തു. മിഷൻെറ നടത്തിപ്പിനെപ്പറ്റി അവബോധം ഉണ്ടാക്കാനും, പ്രബന്ധ രചനയുടെ പ്രസക്തിയെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. തത്പരരായവർക്ക് മിഷൻ രചനകൾ വിതരണം ചെയ്തു.


ബെല്ലാരി, കർണാടകം


ഹുബ്ലി, കർണാടകം


തിരുപ്പൂർ, തമിഴ്നാട്



തൂത്തുകുടി, തമിഴ്നാട്


കോവിൽപ്പട്ടി, തമിഴ്നാട്



ബിദർ, കർണ്ണാടകം



വഡോദര, ഗുജറാത്


ഭുജ്, ഗുജറാത്


ഊട്ടി, തമിഴ്നാട്


മെഹ്സാന, ഗുജറാത്


ഗുൽബർഗ, കർണ്ണാടകം



റാഞ്ചി, ഝാർഖണ്ഡ്

# എക്കോസ് ഇന്ത്യ വാർത്താപത്രിക

## വിജയവാഡ ആശ്രമം, ആന്ധ്രപ്രദേശ്

ഇന്ത്യയിലെ പഴക്കമേറിയ സെൻററുകളിലൊന്നായ വിജയവാഡ അമ്പതു വർഷത്തോളമായി ഈ പ്രദേശത്തെ ആദ്ധ്യാത്മിക പുരോഗതിയുടെ സിരാകേന്ദ്രമായി പ്രവർത്തിക്കുന്നു. 1959ലെ ബാബുജി മഹരാജിൻെറ നഗര സന്ദർശനത്തോടെ 1959ൽ ആറോളം അഭ്യാസികളുമായി പ്രവർത്തനം ആരംഭിച്ചു. 1963ൽ അദ്ദേഹം ഈ സെൻറർ ഒരിക്കൽകൂടി സന്ദർശിക്കുകയും മൂന്നു ദിവസത്തോളം താമസിച്ച് സത്സംഗം നടത്തുകയും ചെയ്തു. 1969 മെയ് 25നു, പ്രിസപ്റ്റർ ഡോ. വി. പാർത്ഥസാരഥിയുടെ വീട്ടിൽ ഒന്നാംനിലയിൽ ധ്യാനഹാൾ അദ്ദേഹം ഉദ്ഘാടനം ചെയ്തു. ഈ ഭാഗത്ത് ഒരു കൊടുങ്കാറ്റ് വീശിയ സമയത്ത് ബാബുജി മഹരാജ് വിജയവാഡയിൽ ഉണ്ടായിരുന്നു.

## പ്രകാശകേന്ദ്രം



**1967 മെയ് 25ന് ധ്യാനഹാൾ ഉദ്ഘാടന വേളയിൽ പൂജ്യ ബാബുജി നൽകിയ സന്ദേശം**

"നമ്മുടെ പൂർവികർ ആദ്ധ്യാത്മിക ലക്ഷ്യപ്രാപ്തിക്കായി വനങ്ങളിൽ പോയും, ജീവിതചര്യകളിൽനിന്നും മാറി നിന്നു കൊണ്ടും, തങ്ങൾക്ക് പ്രിയപ്പെട്ടവരോടും മറ്റുള്ളവരോടും ഉള്ള ബന്ധം വിച്ഛേദിച്ചു കൊണ്ടുമാണ്. നാം, സഹജമാർഗത്തിൽ, നമ്മുടെ വീടുകളിൽ നിന്നു തന്നെ, നമ്മുടെ ചുറ്റും അത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കുവാനാണ് ശ്രമിക്കുന്നത്. അപ്രകാരം അവ ഒരു കാനനത്തിൻെറ ഉദ്ദേശ്യം നിറവേറ്റുന്നുണ്ട്".

നഗരത്തിൻെറ ഹൃദയഭാഗത്ത് 1672.26 ച.മി. സ്ഥലം സഹോ. സുങ്കര വെങ്കടപ്പയ്യ ആശ്രമ നിർമ്മാണത്തിനായി 1972 മെയ് 16ന് ദാനം ചെയ്തു. പ്രധാന റോഡിലായി സ്ഥിതി ചെയ്യുന്ന ആശ്രമത്തിലേക്ക് സെൻട്രൽ ബസ് സ്റ്റേഷനിൽനിന്നും റെയിൽവേ സ്റ്റേഷനിൽനിന്നും 4 കി.മി. ദൂരം മാത്രമാണുള്ളത്. 1987 മാർച്ച് 18 ന് മാസ്റ്റർ, 420 ച.മി. ഉള്ള ധ്യാനഹാൾ, ഓഫീസ്, താമസ സൗകര്യം, മാസ്റ്ററുടെ കോട്ടേജ് എന്നിവയടങ്ങിയ ആശ്രമ നിർമ്മാണത്തിനായി തറക്കല്ലിട്ടു. 1995 ജൂലായ് 24 ന് അലഹബാദിലെ ഡോ. ചന്ദ്രിക പ്രസാദ് ആശ്രമം ഉദ്ഘാടനം ചെയ്തു. 2002 ഡിസമ്പർ 22, 23, 24 തിയതികളിൽ മാസ്റ്റർ ആശ്രമം സന്ദർശിച്ചു. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഭ്യാസികൾ അവിടെ സന്നിഹിതരായി, മാസ്റ്ററുടെ അനുഗ്രഹത്തിന് പാത്രീഭൂതരായി.



2005ൽ ആശ്രമത്തിൽ, ധ്യാനഹാളായി ഇടനാഴികളോടു കൂടിയ ഒന്നാം നില കൂട്ടിച്ചേർത്തു. സഹജമാർഗ സ്പിരിച്ച്വാലിറ്റി ഫൗണ്ടേഷനു വേണ്ടി ധ്യാനഹാളിനു പുറകിൽ 284 ച.മി. വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വാങ്ങി. അടുക്കളയും ലൈബ്രറിയും കൂടി പണിയുവാനായി ശ്രമിക്കുന്നുണ്ട്.




SMSFൻെറ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സെൻററിൽ എല്ലാ ഞായറാഴ്ച്ചയും ധാരാളം അഭ്യാസികളും തദ്ദേശവാസികളും ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്. രോഗികൾക്ക് മരുന്ന് സൗജന്യമായാണ് കൊടുക്കുന്നത്.



ആശ്രമത്തിൽ എല്ലാ ദിവസവും രാവിലെയും ഞായറാഴ്ച്ചയും ബുധനാഴ്ച്ചയും വൈകീട്ടും സത്സംഗം നടത്തുന്നുണ്ട്. തുറന്ന സദസ്സുകൾ, അഭ്യാസി പരിശീലന പരിപാടികൾ, VBSE പരിപാടികൾ തുടങ്ങിയവ നടത്താറുണ്ട്. ആത്മീയാന്വേഷകർക്കായി 'വെൽക്കം ഡെസ്ക്കും' പുതിയ അഭ്യാസികൾക്കായി സംശയദൂരീകരണത്തിന് അവസരവും ഞായറാഴ്ച്ചകളിൽ ഒരുക്കാറുണ്ട്. യുവാക്കൾക്ക് പരസ്പരം ഇടപെടുവാനുള്ള അവസരവും ധാരാളമായുണ്ട്. ആശ്രമവികസന പരിപാടി സെൻറർ ആസൂത്രണം ചെയ്യുന്നുണ്ട്.



മിഷൻെറ സ്വഭാവം നിലനിർത്തിക്കൊണ്ട്, മാസ്റ്ററുടെ സന്ദേശം ജില്ലയിലുടനീളം പരത്തുവാൻ സെൻറർ ശ്രമിക്കുന്നുണ്ട്.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.